**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4864** **20-07-2022 - ൽ മറുപടിയ്ക്ക്**

**മിയാവാക്കി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി.ഉമ തോമസ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ . ഷാഫി പറമ്പിൽ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മിയാവാക്കി പദ്ധതിയുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പ് ടെണ്ടർ പരസ്യം നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് പരസ്യം നൽകിയതെന്നും ദേശീയ മാധ്യമങ്ങളിൽ പരസ്യം നൽകിയിട്ടുണ്ടോയെന്നും ഏതൊക്കെ ദേശീയ മാധ്യമങ്ങളിലാണെന്നും വ്യക്തമാക്കുമോ; ദേശീയ മാധ്യമങ്ങളിൽ പരസ്യം നൽകിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) | ഉണ്ട്. മിയാവാക്കി മാതൃക വനവത്കരണം നടപ്പിലാക്കാനുള്ള ഏജൻസിയെ തെരഞ്ഞെടുക്കുന്നതിലേക്കായി സർക്കാരിന്റെ ഇ-ടെൻഡർ വെബ്സൈറ്റ് വഴിയാണ് പദ്ധതിയുടെ ടെണ്ടർ ക്ഷണിച്ചത്. ഇൻഡ്യയിലെ ഏതൊരു വ്യക്തിക്കും ടെൻഡർ വിവരങ്ങൾ ഈ പോർട്ടൽ മുഖേന കാണാൻ കഴിയും. ആയതിനാൽ ദേശീയ മാധ്യമങ്ങളിൽ പരസ്യം നൽകിയിട്ടില്ല. എന്നിരുന്നാലും ഈ ടെൻഡറുമായി ബന്ധപ്പെട്ട് 01.01.2020 ൽ കേരളത്തിലെ പ്രധാന പത്രങ്ങളിൽ പരസ്യം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്കായി ആദ്യം ടെൻഡർ നടപടികൾ സ്വീകരിച്ചത് മാനുവൽ രീതിയിലാണോ; ആണെങ്കിൽ പിന്നീട് ഇ-ടെൻഡർ നടപടികളിലേക്ക് മാറുവാനുള്ള സാഹചര്യം വ്യക്തമാക്കുമോ; | (ബി) | മിയാവാക്കി മാതൃക വനവത്കരണ പദ്ധതി ആദ്യമായാണ് കേരളത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ചത്. ഇതിൽ പ്രാഗത്ഭ്യം നേടിയ ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനായി മാന്വൽ ടെൻഡർ പ്രസിദ്ധീകരിച്ചു. എന്നാൽ നിലവിലെ സർക്കാർ മാനദണ്ഡവും, CVC Guidelines ഉം അനുസരിച്ച് 5 ലക്ഷം രൂപയിൽ കൂടുതൽ വരുന്ന പദ്ധതിയ്ക്ക് സർക്കാരിന്റെ ഇ- ടെൻഡർ പോർട്ടൽ വഴിയാണ് ടെണ്ടർ ക്ഷണിക്കേണ്ടത്, എന്നതിനാലാണ് Manual Tender റദ്ദ് ചെയ്ത് ഇ-ടെൻഡർ നടപടി സ്വീകരിച്ചിട്ടുള്ളത്. |
| (സി) | ടെൻഡർ നടപടികളിൽ ഷോർട്ട് ലിസ്റ്റ് ചെയ്ത സ്ഥാപനങ്ങളുടെ പ്രവൃത്തി പരിചയം വിലയിരുത്താൻ വേണ്ടി പ്രസ്തുത സ്ഥാപനങ്ങൾ മുൻപ് ചെയ്ത പ്രവൃത്തികൾ പരിശോധിച്ചിരുന്നോ; വിശദാംശം നൽകുമോ; | (സി) | ഷോർട്ട് ലിസ്റ്റ് ചെയ്ത ഏജൻസികളുടെ മുൻ പരിചയം വിലയിരുത്തിയ ശേഷമാണ് ഓരോ ഏജൻസിയും ടെക്നിക്കൽ ഇവാല്യുവേഷൻ കമ്മറ്റിയുടെ മുമ്പാകെ പ്രസന്റേഷൻ നടത്തിയത്. |
| (ഡി) | 5.6.2020 ലെ ഉത്തരവിൻ പ്രകാരം അഞ്ചുലക്ഷത്തി പതിനായിരം രൂപയ്ക്ക് 100 സ്ക്വയർ മീറ്റർ കാട് | (ഡി) | ഇല്ല. പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുത്ത ഏജൻസി ടെൻഡറിൽ സ്ക്വയർ ഫീറ്റിന് 510/- |

| | | | |
|---|---|---|---|
| | വെയ്ക്കുന്നതിന് കരാർ നേടിയ സ്ഥാപനം പിന്നീട് അഞ്ചരക്കോടിയിലധികം രൂപയ്ക്ക് കൂടുതൽ സ്ഥലത്ത് കാട് വെയ്ക്കുവാൻ അപേക്ഷ സമർപ്പിച്ചിരുന്നോ; പ്രസ്തുത അപേക്ഷ ടൂറിസം വർക്കിംഗ് ഗ്രൂപ്പ് പരിഗണിച്ചിരുന്നോ; എങ്കിൽ തീരുമാനം വ്യക്തമാക്കുമോ; | | രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. (Sq.ft. 390/- രൂപ പദ്ധതി നടപ്പിലാക്കാൻ, Sq.ft 120 മെയിന്റനൻസ് ). അതിന്റെ അടിസ്ഥാനത്തിൽ ടൂറിസം വകുപ്പിന്റെ 12 ജില്ലാ ഓഫീസർമാരെക്കൊണ്ട് പദ്ധതി നടപ്പിലാക്കാനുള്ള സ്ഥല ലഭ്യത ഉറപ്പ് വരുത്തുകയും , 12 ജില്ലകളിലായി 22 സ്ഥലങ്ങളിൽ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ആയത് പ്രകാരം തെരഞ്ഞെടുത്ത ഏജൻസി ക്വാട്ട് ചെയ്ത തുകയുടെ അടിസ്ഥാനത്തിൽ 5,79,89,279/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുകയും ടി എസ്റ്റിമേറ്റ് 24.08.2020 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് കമ്മറ്റി അംഗീകരിക്കുകയും ചെയ്തു. |
| (ഇ) | ടൂറിസം വർക്കിംഗ് ഗ്രൂപ്പിന്റെ തീരുമാനത്തെ മറികടന്ന് കൊണ്ട് പിന്നീട് പ്രസ്തുത സ്ഥാപനത്തിന് അവർ ആവശ്യപ്പെട്ട തുകയ്ക്കുള്ള കരാർ തന്നെ നൽകുവാൻ ടൂറിസം സെക്രട്ടറി ഫയൽ വീണ്ടും സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റീടെണ്ടർ നടപടികൾ കൂടാതെ മേൽപ്പറഞ്ഞ സ്ഥാപനത്തിന് കൂടുതൽ തുകയ്ക്കുള്ള പ്രവൃത്തി അനുവദിച്ച് നൽകിയതിന്റെ കാരണം വ്യക്തമാക്കുമോ? | (ഇ) | ഇല്ല. പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുത്ത ഏജൻസി ടെൻഡറിൽ സ്ക്വയർ ഫീറ്റിന് 510/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. (Sq.ft. 390/- രൂപ പദ്ധതി നടപ്പിലാക്കാൻ, Sq.ft 120 മെയിന്റനൻസ് ). അതിന്റെ അടിസ്ഥാനത്തിൽ ടൂറിസം വകുപ്പിന്റെ 12 ജില്ലാ ഓഫീസർമാരെക്കൊണ്ട് പദ്ധതി നടപ്പിലാക്കാനുള്ള സ്ഥല ലഭ്യത ഉറപ്പ് വരുത്തുകയും , 12 ജില്ലകളിലായി 22 സ്ഥലങ്ങളിൽ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ആയത് പ്രകാരം തെരഞ്ഞെടുത്ത ഏജൻസി ക്വാട്ട് ചെയ്ത തുകയുടെ അടിസ്ഥാനത്തിൽ 5,79,89,279/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുകയും ടി എസ്റ്റിമേറ്റ് 24.08.2020 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് കമ്മറ്റി അംഗീകരിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ